# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അയർക്കുന്നം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.കെടിഎം.പി.12/2521/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 16/01/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അയർക്കുന്നം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.കെടിഎം.പി.12/2521/2022 തീയ്യതി: 16/01/2023

## കോട്ടയം ജില്ലയിലെ അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-12-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി. ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 07-12-2022 | 16-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-12-2022 | 16-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ രതീഷ് സി.ആർ., ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി എം, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി ജ്യോതിലക്ഷ്മി ആർ., സീനി.ഗ്രേഡ് ഓഡിറ്റർ

ശ്രീ ജോഷി തോമസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സീനാ ബിജു നാരായണൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ ഹരീഷ്കുമാർ എൻ. | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റിതിൻ ജോസഫ് ജോൺ | അസിസ്റ്റന്റ് എഞ്ചിനീയർ(LID&EW) | 01-04-2021 | 31-03-2022 |
| ഡോ. വിമി ഇക്ബാൽ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി.) | 01-04-2021 | 31-03-2022 |
| ഡോ. ദീപ | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2021 | 31-03-2022 |
| പ്രിയാകുമാരി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| സജീവ് കെ. എസ്. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. സജീവ് കുമാർ കെ. ആർ. | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| പ്രീതി സി. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| അനിന സൂസൻ സഖറിയ | കൃഷി ഓഫീസർ | 01-04-2021 | 24-05-2021 |
| ജോസ് കെ മാത്യു | കൃഷി ഓഫീസർ | 25-05-2021 | 30-05-2021 |
| അനുമോൾ റ്റി | കൃഷി ഓഫീസർ | 31-05-2021 | 22-10-2021 |
| മനുകൃഷ്ണൻ | കൃഷി ഓഫീസർ | 23-10-2021 | 31-03-2022 |
| ശിൽപ്പമോൾ പിഎസ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. അനു ജോസഫ് കെ. | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2021 | 30-04-2021 |
| ഡോ. ചാമിനി ചന്ദ്രൻ | മെഡിക്കൽ ഓഫീസർ(ഇൻ ചാർജ്)- | 01-05-2021 | 25-06-2021 |

| | | | |
|---|---|---|---|
| | ഹോമിയോ | | |
| ഡോ.അഞ്ജു പി.ബി. | മെഡിക്കൽ ഓഫീസർ-ഹോമിയോ | 26-06-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികകണക്കുകളുടെ അവലോകനം | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം. | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-11 |
| 12 | തൊഴിൽ നികുതി അടവാക്കിയില്ല | 1-12 |
| 13 | തെറ്റായ ഉപയോഗക്രമത്തിൽ വസ്തുനികുതി കണക്കാക്കി | 1-13 |
| 14 | വഴിയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണയിച്ചതിലെ അപാകതകൾ | 1-14 |
| 15 | തെറ്റായ ഉപയോഗക്രമം രേഖപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണയിച്ചു | 1-15 |
| 16 | ഹരിത സമൃദ്ധി വനിതാ സംഘങ്ങളിലൂടെ - പ്രോജക്റ്റ് ലക്ഷ്യം കൈവരിച്ചിട്ടില്ല | 1-16 |
| 17 | തനതു ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടിയിരുന്ന തുക വികസനഫണ്ടിൽ നിന്നും ചെലവഴിച്ചു. | 1-17 |
| 18 | ലൈഫ് - ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു | 1-18 |
| 19 | ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ലൈഫ് ഗുണഭോക്താവിന് കക്കൂസ് നിർമ്മാണത്തിന് തുക അനുവദിച്ചു. | 1-19 |
| 20 | ഹരിതകർമ്മ സേന പ്രവർത്തനങ്ങൾ - ലക്ഷ്യം കൈവരിക്കുന്നില്ല. | 1-20 |
| 21 | ക്ലീൻ കോട്ടയം ഗ്രീൻ കോട്ടയം പദ്ധതി നടപ്പിലാക്കിയെങ്കിലും ഗുണഭോക്തൃ വിഹിതം തനതു ഫണ്ടിൽ അവശേഷിക്കുന്നു. | 1-21 |
| 22 | പഞ്ചായത്ത് വക മാർക്കറ്റ് കംഫർട്ട് സ്റ്റേഷൻ - പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കിയില്ല | 1-22 |
| 23 | പൊളിച്ചുമാറ്റിയ സാധനങ്ങൾ ലേലം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം | 1-23 |
| 24 | പഞ്ചായത്ത് ഓഫീസിലേയ്ക്ക് ലാപ്പ്ടോപ്പ് അനുബന്ധ ഉപകരണങ്ങ**ൾ** വാങ്ങ**ൽ** - 21207 /- രൂപയുടെ ഉപകരണങ്ങ**ൾ** ലഭിച്ചിട്ടില്ല | 1-24 |

| | | |
|---|---|---|
| 25 | മരാമത്ത് പ്രവൃത്തികൾ -പത്രപ്പരസ്യം നൽകുന്നതിലെ അപാകതകൾ | 1-25 |
| 26 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-26 |
| 27 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-27 |
| 28 | വാഹനങ്ങളുടെ ഇന്ധന ക്ഷമതാ പരിശോധന നടത്തുന്നില്ല | 1-28 |
| 29 | പൊതുടാപ്പുകൾ- ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല | 1-29 |
| 30 | മാലിന്യ സംസ്കരണത്തിന് സ്ഥലം വാങ്ങൽ - പദ്ധതി നടപ്പായില്ല | 1-30 |
| 31 | പഞ്ചായത്ത് ഓഫീസ് ഭൗതിക സാഹചര്യം വർദ്ധിപ്പിക്കൽ - ഫൈനൽ ബിൽ പരിശോധന സംബന്ധിച്ച് | 1-31 |
| 32 | അയർക്കുന്നം മാർക്കറ്റിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് - ഒഴിഞ്ഞു കിടക്കുന്ന മുറികൾ ലേലം ചെയ്യാൻ നടപടി സ്വീകരിക്കണം | 1-32 |
| 33 | ഇ-ടെണ്ടർ ഫീസ് തനത് ഫണ്ടിൽ ലഭ്യമാക്കേണ്ടതാണ് | 1-33 |
| 34 | മെഡിക്കൽ ഓഫീസർ (ഹോമിയോ ) നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 1-34 |
| 35 | ബാരൽ വില നിശ്ചിത ഫണ്ടിലേയ്ക്ക് തിരികെ അടവാക്കേണ്ടതാണ് | 1-35 |
| 36 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ , വിവിധ ഏജൻസികളിൽ അടവാക്കേണ്ട തുകകൾ - അക്കൗണ്ടിൽ അവശേഷിക്കുന്ന തുകകൾ ബന്ധപ്പെട്ട ശീർഷകങ്ങളിൽ അടവാക്കേണ്ടതാണ് | 1-36 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ /വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 15.02.2021 തീയതിയിലെ I/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 10.03.2022 തീയതിയിലെ 3/1-ാം നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 32613183 | 29292357 |
| വരവ് | 225800711 | 104752766 |
| ആകെ | 258413894 | 134045123 |
| ചെലവ് | 240053711 | 95861550 |
| നീക്കിയിരിപ്പ് | 18360183 | 38183573 |

ബജറ്റ് പ്രകാരം 22.58 കോടി രൂപയുടെ പ്രതീക്ഷിത വരവും 24.00 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2021-22 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 19.80 കോടി രൂപയും ചെലവ് 19.60 കോടി രൂപയുമാണ്. മുൻ വർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കാതെ ബജറ്റ് തയ്യാറാക്കിയതുമൂലമാണ് യഥാർത്ഥ കണക്കുകളും ബജറ്റ് പ്രതീക്ഷിത കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ടായത്. മുന്നിരിപ്പ്-നീക്കിയിരിപ്പ് ബജറ്റിൽ കണക്കാക്കിയതും വലിയ അന്തരത്തിലാണെന്ന് കാണുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

### 1-2 വാർഷികകണക്കുകളുടെ അവലോകനം

അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 198050905 രൂപയും ചെലവ് 196057299 രൂപയും തൻവർഷ പ്രവർത്തന മിച്ചം 1993606 രൂപയുമാണ്. 31/03/2022-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 114154000 രൂപയും ബാധ്യതകളുടെ മൂല്യം 84523398 രൂപയും ജനറൽ ഫണ്ട് 29630602 രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31/03/2021 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

2. പഞ്ചായത്തിന് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ(ബി-4) കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ എ.സി.ആർ.സൂക്ഷിച്ചിട്ടില്ല. 320700204, 320700205, 320700405, 320300103 ശീർഷകങ്ങളിൽ 31/03/2022 ലെ നീക്കിയിരിപ്പ് ഏതെല്ലാം പ്രോജക്ടുകൾക്ക് ലഭിച്ച ഗ്രാന്റാണ് എന്നതിന്റെ വിവരം ലഭ്യമായിട്ടില്ല.

3. സംയുക്ത പ്രോജക്ടിനായി ലഭിച്ച തുകയിൽ 31/03/2022-ൽ അവശേഷിക്കുന്ന തുക (B-4 ഷെഡ്യൂൾ) ട്രഷറി ജോയിന്റ് വെൻച്വർ അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

4. 2021-22 ൽ ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിരുന്നില്ല. ആയതിനാൽ പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപ്പോസിറ്റ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ സാധിച്ചില്ല.

5. 31/03/2022-ലെ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരം 350300199 ശീർഷകത്തിലെ 24843 രൂപ, 350400501 പ്രകാരം 32000 രൂപ , 350800119 ശീർഷകത്തിലെ 84157 രൂപ എന്നിവ ഏത് ഫണ്ടാണെന്ന് വ്യക്തമല്ല.

6. തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നീ ഇനങ്ങളിൽ മുൻകൂറായി ലഭിച്ച 246960 രൂപ , 139800 രൂപ 2021-22 വർഷം ക്രമീകരിച്ചിട്ടില്ല. തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവയുടെ ഡിസിബി കണക്കാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കുകളിലെ രേഖപ്പെടുത്തലുകളുടെ കൃത്യത നിർണ്ണയിക്കാൻ സാധിക്കുന്നില്ല.

7. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് ഭൂമിയുടെ മൂല്യം (Land) അക്കൗണ്ട് ചെയ്തിട്ടില്ല.

8. 412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.

9. 430100102-Purchase Of Material-Stores ശീർഷകത്തിലെ 9,600/- രൂപ സ്റ്റോക്ക് നീക്കിയിരിപ്പിന്റെ കൃത്യത അനുബന്ധരേഖകളുടെയും രജിസ്റ്ററുകളുടെയും അഭാവത്തിൽ വ്യക്തമല്ല.

10. ലൈഫ് ഭവനപദ്ധതിയുടെ ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. രജിസ്റ്റർ ആധികാരികമായി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ മുന്നിരിപ്പ് തുകയുടെയും തൻവർഷം ലഭിച്ച തുകയുടെയും കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

11.വാർഷിക ധനകാര്യ പത്രികയുടെ ബാലൻസ് ഷീറ്റ് പ്രകാരം 31.03.2022-തീയതിയിൽ നീക്കിയിരിപ്പുള്ള തുക 3357628 രൂപയാണ്. ഇൻകം & എക്സ്പെൻഡിച്ചർ പത്രിക I-7പ്രകാരം സ്ഥിരനിക്ഷേപ പലിശ 357628 രൂപയാണ്. 23.4.21 ൽ ലഭിച്ച പലിശയ്ക്ക് പുറമേ 23.4.22 ൽ ലഭിക്കേണ്ടിയിരുന്ന പലിശയും തൻവർഷം നിലവിലെ സ്ഥിരനിക്ഷേപത്തോട് ചേർത്ത് തുക രേഖപ്പെടുത്തിയിട്ടുള്ളതിനാലാണ് വ്യത്യാസമുണ്ടായിട്ടുള്ളത്.

12. വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

13. അഡ്വാൻസ് രജിസ്റ്റർ 2021-22 ൽ എഴുതി സൂക്ഷിച്ചില്ല. 460100103, 460100105, 460100199 , 460500399, 460600101 ശീർഷകങ്ങളിലെ തുകകളുടെ കൃത്യത വ്യക്തമായിട്ടില്ല.

14. പഞ്ചായത്ത് 2021-22 വർഷം നിക്ഷേപ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി.യിലും, ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിലും നിക്ഷേപിച്ച തുകകൾ നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

15. I-18 പ്രകാരം മുൻവർഷ ഇനമായി ക്രമീകരിച്ച തുകകളുടെ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയതിന് അടിസ്ഥാനമായ വിശദീകരണമോ രേഖകളോ ലഭ്യമല്ല.

16. RP-3 ഷെഡ്യൂളിലെ 130800199 ശീർഷകത്തിലെ വരവിന്റെ വിശദാംശം ലഭ്യമല്ല.

17. 2021-22 ൽ പഞ്ചായത്തിന് വിവിധ ഇനങ്ങളിൽ ലഭ്യമായ ലേലത്തുക കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

18. വിവിധ ഇനങ്ങളിലെ ലേലം വരവുകൾ നിശ്ചിത ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

19. RP8 – 170100199 ശീർഷകത്തിലെ സ്ഥിരനിക്ഷേപ പലിശയായി ചേർത്തിരിക്കുന്നത് ലൈഫ് സംസ്ഥാന, വായ്പാ തുകയ്ക്കുള്ള എസ്ബിഐ അക്കൗണ്ടിലെ പലിശ തുകയാണ്.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 29292357 |
| ഓഡിറ്റ് വർഷത്തെ വരവ് | 104752766 |
| ആകെ | 134045123 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 95861550 |
| നീക്കിയിരിപ്പ് | 38183573 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9,60,038 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 21054000 | 21054000 | 19732597 | 1321403 |
| വികസന ഫണ്ട് - SCP | 0 | 5735000 | 5735000 | 5735000 | 0 |
| വികസന ഫണ്ട് - TSP | 0 | 152000 | 152000 | 152000 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 0 | 5441234 | 5441234 | 3993465 | 1447769 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 0 | 12437980 | 12437980 | 3467685 | 8970295 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 21673000 | 21673000 | 16151742 | 5521258 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 7513669 | 7513669 | 4306758 | 3206911 |
| സമ്പൂർണ്ണ ശുചിത്വ പരിപാടി(TSC) | 3239444 | 0 | 3239444 | 2815000 | 424444 |
| ICDS ഫണ്ട് | 593388 | 911933 | 1505321 | 0 | 1505321 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 506250 | 200000 | 706250 | 206250 | 500000 |

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ ബജറ്റ് അലോട്ട്മെന്റിന് പുറമേ 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം അധിക അലോട്ട്മെന്റ് മുൻവർഷം ചെലവഴിക്കാതെ ലാപ്സായ

തുക ക്യാരി ഓവർ ചെയ്ത് ലഭിച്ചിട്ടുണ്ട്. വികസനഫണ്ട് എസ് സി പിയിൽ 674700 രൂപയും ടി എസ് പിയിൽ 3876 രൂപയും മെയിന്റനൻസ് ഗ്രാന്റ്-Non Road ഫണ്ട് 540500 രൂപയും മെയിന്റനൻസ് ഗ്രാന്റ്-റോഡ് 2092083 രൂപയും ഇപ്രകാരം ലഭിച്ചിട്ടുണ്ട്, എന്നാൽ പ്രസ്തുത തുകകൾ അലോട്ട്മെന്റായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ എസി ആറിലും ഗ്രാന്റ് സ്റ്റേറ്റ് മെന്റിലും പ്രസ്തുത തുകകൾ ഉൾപ്പെട്ടിട്ടില്ല. കൂടാതെ മെയിന്റനൻസ് ഗ്രാന്റ്-Non Road ഫണ്ടിൽ നിന്ന് വോട്ടിങ്ങ് മെഷീൻ ചാർജായി 2020-21 വർഷം കുറവു ചെയ്ത തുക 54669 രൂപ തൻവർഷം 24/02/2022-ലെ സ.ഉ.(സാധാ) നം.1276/2022/ധന പ്രകാരം പ്രത്യേക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളിൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി 07/10/2021 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) .6591/2021/ഫിൻ പ്രകാരം മുൻവർഷം ലാപ്സായ തുക അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്. ടൈഡ് ഇനത്തിൽ 6557980 രൂപയും ബേസിക്ക് ഗ്രാന്റ് ഇനത്തിൽ 1521234 രൂപയും ഇപ്രകാരം അധിക അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ട്.

1.ജി.ഒ പ്രോജക്റ്റായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ (RP 7) ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട്, എസ്.സി.പി, ടി എസ് പി ഫണ്ട് ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

2. വികസന ഫണ്ടിന്റെ അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്.

3. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

4. B4 ഷെഡ്യൂളിന്റെ എസിആർ എഴുതി സൂക്ഷിക്കാത്തതിനാൽ കേന്ദ്ര, സംസ്ഥാനാവിഷ്കൃത പദ്ധതികൾ വകയിരുത്തൽ, ചെലവ്, നീക്കിയിരിപ്പ് തുകകളുടെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക കണക്കുകളിലെ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കുകയും 22.02.2021ൽ ആസൂത്രണ സമിതി യോഗം ചേരുകയും തുടർന്ന് 27.01.2021ൽ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ ചേരുകയും ചെയ്തു. തയ്യാറാക്കിയ കരട് പ്രോജക്ടുകൾ പദ്ധതി ആസൂത്രണ ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 16.02.2021 -ൽ നടന്ന വികസന സെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തു.

വാർഷിക പദ്ധതിയ്ക്ക് 25.03.2022 ലെ ഉത്തരവ് നം. 81898/21/DPC/DPO/KTM പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചു.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 235 | 163209374 | 174 | 73341973 | 61 | 74% |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥർ | അംഗീകാരം ലഭിച്ചവ | നടപ്പിലാക്കിയവ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 12 | 11 | 2382729 | 2146012 | 90.07 |
| വെറ്ററിനറി സർജൻ | 6 | 6 | 3684000 | 2430703 | 65.72 |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. | 4 | 3 | 1673000 | 1649995 | 98.62 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 2 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 3 | 3 | 399997 | 399997 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 369000 | 87165 | 23.62 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 23 | 17 | 71122403 | 18034885 | 25.36 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 5 | 6483292 | 6125333 | 94.48 |
| സെക്രട്ടറി | 42 | 28 | 24028476 | 11237840 | 46.77 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 124 | 87 | 48568301 | 26766258 | 55.11 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1600000 | 1600000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 10 | 2698176 | 2663785 | 98.73 |
| ആകെ | 235 | 174 | 163209374 | 73341973 | 44.93 |

സെക്രട്ടറി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് എന്നിവരുടെ ചെലവ് കുറവായത് വാർഷിക പദ്ധതി ചെലവ് കുറയാൻ കാരണമായി. അസിസ്റ്റന്റ് സെക്രട്ടറി, ഡയറി എക്സ്റ്റെൻഷൻ ഓഫീസർ, മെഡിക്കൽ ഓഫീസർ ആയുർവ്വേദം, വെറ്ററിനറി സർജൻ, മെഡിക്കൽ ഓഫീസർ ഹോമിയോ, എന്നിവർ പദ്ധതി നിർവ്വഹണത്തിൽ മികച്ച പ്രവർത്തനം നടത്തി.

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2021-22 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും തൊഴിലാളികളെയും ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2021-22 വർഷത്തെ ലേബർ ബജറ്റ് പ്രകാരം ആകെ 316 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 263 പദ്ധതികളിൽ 221 എണ്ണം പൂർത്തീകരിച്ചു. 2021-22 വർഷം 20 ഗ്രാമസഭകളും സോഷ്യൽ ഓഡിറ്റ് നടത്തുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം 57135 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2021-22 വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ 62.51 ആണ്. 914 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. തോടുകളുടെ പുനരുദ്ധാരണം, മഴക്കുഴി നിർമ്മാണം, തരിശുഭൂമി കൃഷിയോഗ്യമാക്കൽ, ആട്ടിൻകൂട് നിർമ്മാണം മുതലായവയാണ് തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. 2021-22 വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 181225.40 | 699343 | 880568.40 | 836357 | 44211.40 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 24559054 | 24559054 | 24559054 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 181225.40 | 25258397 | 25439622.40 | 25395411 | 44211.40 |

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 17040 | 5 |
| കർഷകതൊഴിലാളി പെൻഷൻ | 6744400 | 434 |
| വിധവാ പെൻഷൻ | 20258800 | 1314 |
| വാർദ്ധക്യകാല പെൻഷൻ | 48299600 | 3372 |
| വികലാംഗ പെൻഷൻ | 5956600 | 376 |
| അൻപത് വയസ്സ് കഴിഞ്ഞ അവിവാഹിതരുടെ പെൻഷൻ | 1036800 | 64 |

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 8.12.2022 തീയതിയിൽ 3.00 പി.എം-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21767/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

1) പൊതുനിയന്ത്രണം

ആഭ്യന്തര നിയന്ത്രണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് റിസ്ക് നിർണ്ണയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള നടപടികൾ ഭരണസമിതി സ്വീകരിച്ചിട്ടുണ്ട്. ഒരു ഇടപാടിന്റെ എല്ലാ തലങ്ങളും ഒരേ ജീവനക്കാരൻ തന്നെ ചുമതലകൾ നിർവഹിക്കുന്ന അവസ്ഥ ശാസ്ത്രീയമായ ജോലി വിഭജനത്തിലൂടെ ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

2) അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. അക്കൗണ്ടിംഗിലെ അപാകതകൾ ഖണ്ഡിക 1-2 ൽ പരാമർശിച്ചിട്ടുണ്ട്.
01.04.2022 മുതൽ ഗ്രാമപഞ്ചായത്തിൽ ILGMS സോഫ്റ്റ്‌വെയർ നടപ്പാക്കി. നിലവിൽ ടി സോഫ്റ്റ്‌വെയർ സംവിധാനത്തിലൂടെയാണ് ഫയലുകൾ കൈകാര്യം ചെയ്യുന്നത്.

3) ക്യാഷ്, ബാങ്ക് നിയന്ത്രണം

പ്രതിമാസ, വർഷാന്ത്യ റിക്കൺസീലിയേഷനുകൾ നടത്തിയിട്ടുണ്ട്. എന്നാൽ ILGMS കാലയളവിലെ റിക്കൺസിലിയേഷൻ പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു.

4) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്. വസ്തുനികുതി, വാടക എന്നീ ഇനങ്ങളിൽ കുടിശ്ശിക അവശേഷിക്കുന്നുണ്ട്.

5) പേ റോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചു വരുന്നു, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്. എന്നാൽ സോഫ്റ്റ്‌വെയർ സമഗ്രമല്ലാത്തതിനാൽ ജീവനക്കാരുടെ അരിയർ ഡി.എ., ശമ്പളപരിഷ്കരണ കുടിശ്ശിക എന്നിവ ടി സോഫ്റ്റ്‌വെയർ മുഖേന കൃത്യമായി തയ്യാറാക്കുവാൻ സാധിക്കുന്നില്ല.

6) ആസ്തി നിയന്ത്രണം ഫലപ്രദമല്ല

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

7) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997--ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27/08/2021 | 04/2021 – 06/2021 | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25/01/2014- 06/02/2014 | 2009-10 മുതൽ 2013-14 വരെ | എൽ.ബി.എ(എച്ച്.ക്യു)/II /8/2223/322/ 05/2015 തീയതി 02/01/2015 |

1-11 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ചുവടെ ചേർക്കും പ്രകാരം രസീതുകളിൽ പിരിച്ച തുക ക്യാൻസൽ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നികുതിദായകന് നൽകിയ ഡ്യൂപ്ലിക്കേറ്റ് ക്യാൻസൽ ചെയ്ത രസീതിനൊപ്പം സൂക്ഷിച്ചിട്ടില്ല. കൂടാതെ ടി രസീതുകൾ കാൻസൽ ചെയ്യാനിടയായതിന്റെ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | രസീത് ബുക്ക്, രസീത് നം | കെട്ടിട നം. | തുക |
|---|---|---|---|
| 1 | 25571/55 | 19/338 | 1294 |
| 2 | 25571/85 | 5/579 | 2139 |

| | | | |
|---|---|---|---|
| 3 | 13705/24 | 20/339 | 288 |

രസീതുകൾ ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കാതെ ക്യാൻസൽ ചെയ്യതിനും കൃത്യമായ കാരണങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്താത്തത് സംബന്ധിച്ചും വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.5/21-22 തീയതി 13.12.2022ന് മറുപടിയായി ടി തുകകൾ യഥാർത്ഥത്തിൽ ക്യാൻസൽ ചെയ്തിട്ടുള്ളതാണെന്നും ടി വ്യക്തികളുടെ കെട്ടിട നമ്പരുകളിൽ പിന്നീട് തുക അടച്ചിട്ടുള്ളതാണെന്നും മറുപടി നൽകി. ക്യാൻസൽ ചെയ്ത രസീതുകൾ ക്യാൻസൽ ചെയ്തതിന്റെ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. കൃത്യമായ മേൽപരിശോധന യില്ലാത്തതിനാലാണ് രസീത് പിരിവിലും അടവാക്കുന്നതിലും വീഴ്ച വരുന്നത്. വളരെ പ്രാധാന്യത്തോടെ കൈകാര്യം ചെയ്യേണ്ട രസീത് ബുക്കുകൾ കൈകാര്യം ചെയ്യുന്നതിൽ വീഴ്ചയുണ്ടാകുന്നത് ക്രമക്കേടുകൾക്ക് സാഹചര്യം സൃഷ്ടിക്കാവുന്നതാണ്. രസീതുകൾ കൈകാര്യം ചെയ്യുന്നതിൽ മതിയായ കാര്യക്ഷമത ഉറപ്പാക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി അടവാക്കിയില്ല

1.പഞ്ചായത്തിന്റെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടില്ലെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | പോസ്റ്റ് ഓഫീസ്, പുന്നത്തുറ | I |
| 2 | പോസ്റ്റ് ഓഫീസ്, അമയന്നൂർ | I |
| 3 | പോസ്റ്റ് ഓഫീസ്, കൊങ്ങാണ്ടൂർ | I&II |
| 4 | പോസ്റ്റ് ഓഫീസ്, നീറിക്കാട് | I&II |
| 5 | റബർ ബോർഡ് ഫീൽഡ് ഓഫീസ് | II |
| 6 | വില്ലേജ് ഓഫീസ് അയർക്കുന്നം | II |
| 7 | ക്രിസ്തുരാജ് ഹോസ്പിറ്റൽ | II |
| 8 | മോഡേൺ ക്ലിനിക് & ലാബ് | I |

2. കൊണ്ടോടി ഓട്ടോക്രാഫ്റ്റ് എന്ന സ്ഥാപനത്തിൽ നിന്നും 77 പേരാണ് തൊഴിൽ നികുതി അടവാക്കുന്നത്. ലൈസൻസിനായി പ്രസ്തുത സ്ഥാപനം സമർപ്പിച്ച അപേക്ഷയിൽ ജീവനക്കാരുടെ എണ്ണമായി രേഖപ്പെടുത്തിയിട്ടുള്ളത് 280 എന്നാണ്. സ്ഥാപനത്തിലെ ജീവനക്കാരെല്ലാവരും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു.

3. തൊഴിൽ നികുതിയുടെ ഡിസിബി പത്രിക തയ്യാറാക്കിയിട്ടില്ല.

4. പഞ്ചായത്തിന്റെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | മുത്തൂറ്റ് ഫിൻകോർപ്പ് തിരുവഞ്ചൂർ | I&II |
| 2 | മുത്തൂറ്റ് ഫിൻകോർപ്പ് അയർക്കുന്നം | I&II |
| 3 | കെഎസ്ഇബി | I&II |
| 4 | ബിഎസ്എൻഎൽ | I&II |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.30/16.12.2022ന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ സഹിതം

മറുപടി ലഭ്യമാക്കേണ്ടതാണ്.

1-13 തെറ്റായ ഉപയോഗക്രമത്തിൽ വസ്തുനികുതി കണക്കാക്കി

ബിന്ദു അനിൽകുമാർ എന്ന വ്യക്തിയുടെ 220.24 ച.മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് പാർപ്പിടാവശ്യം എന്ന ഉപയോഗക്രമം രേഖപ്പെടുത്തി 7/60A എന്ന നമ്പർ അനുവദിച്ച് നൽകിയിട്ടുണ്ടെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. കെട്ടിടത്തിന്റെ വസ്തുനികുതി നിർണയത്തിലെ ഏതാനും അപാകതകൾ ചുവടെ ചേർക്കുന്നു.

1. കെട്ടിടത്തിന്റെ പ്ലാൻ, കെട്ടിട ഉടമ സമർപ്പിച്ചിട്ടുള്ള ഫോറം 6 എന്നിവ പ്രകാരം കെട്ടിടം ലോഡ്ജ് എന്ന ഉപയോഗക്രമത്തിലുള്ളതാണ്. അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമാ തിയേറ്റർ എന്ന ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിടത്തിന് ച.മീറ്ററിന് 20 രൂപ നിരക്കിൽ ഈടാക്കേണ്ടതാണെങ്കിലും പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് ബാധകമായ 6 രൂപ നിരക്കിലാണ് വസ്തുനികുതി നിർണയിച്ചിട്ടുള്ളത്.

2. സഞ്ചയ രേഖപ്പെടുത്തൽ പ്രകാരം 06/03/2020 പെർമിറ്റ് തീയതിയിൽ റെഗുലറൈസ് ചെയ്തിട്ടുള്ള കെട്ടിടമാണിതെന്ന് കാണുന്നു. എന്നാൽ കെട്ടിടത്തിന് കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ 10% ഇളവ് അനുവദിച്ചിട്ടുണ്ട്.

3. സഞ്ചയ, ഫോറം 6 എന്നിവ പ്രകാരം കെട്ടിടത്തിന്റെ 80% ഭാഗം കോൺക്രീറ്റ് മേൽക്കൂരയും 20% ഭാഗം കുറഞ്ഞ മേൽക്കൂരയുമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 3 പ്രകാരമുള്ള 10% ഇളവ് മേൽക്കൂരയുടെ തരത്തിന്റെ അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുണ്ട്. ചട്ടം 9(2) ൽ മേൽക്കൂരയുടെ നിർമിതി പരിഗണിക്കുമ്പോൾ ഒന്നിലധികം തരങ്ങൾ ഒരു കെട്ടിടത്തിന് ഒരേ സമയം ബാധകമാകുന്ന സംഗതിയിൽ ആകെ തറവിസ്തീർണ്ണത്തിന്റെ പകുതിയിലധികം ഭാഗത്തിന് ബാധകമാകുന്ന തരത്തെ അടിസ്ഥാനപ്പെടുത്തി നികുതി നിർണയിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അനുവദനീയമല്ലാത്ത ഇളവാണ് അനുവദിച്ചിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.6/14.12.2022-ന് മറുപടി ലഭ്യമായില്ല. തെറ്റായ ഉപയോഗക്രമം രേഖപ്പെടുത്തിയും അനുവദനീയമല്ലാത്ത ഇളവുകൾ അനുവദിച്ചും വസ്തുനികുതി നിർണയച്ചത് പുന:പരിശോധിച്ച് നികുതി പുനർനിർണയിക്കേണ്ടതും ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-14 വഴിയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണയിച്ചതിലെ അപാകതകൾ

1. ശ്രീമതി സെലീനാമ്മ ജോർജ്ജ്, കണിച്ചിറയിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 20/157 C എന്ന 242.33ച.മീ.വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനായി നികുതി നിർണയിച്ച കെട്ടിടത്തിന് സഞ്ചയ പ്രകാരം 1.5 മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള അയർക്കുന്നം-ഏറ്റുമാനൂർ റോഡ് എന്ന രേഖപ്പെടുത്തി നികുതി നിർണയിച്ചിട്ടുള്ളതാണ്. എന്നാൽ പ്ലാൻ പ്രകാരം ഈ കെട്ടിടം സ്ഥിതി ചെയ്യുന്ന/ കെട്ടിടത്തിന്റെ സമീപമുള്ള റോഡിന്റെ പേര് 5മീറ്ററിൽ കൂടുതലുള്ള ഏറ്റുമാനൂർ-ആറുമാനൂർ-അയർക്കുന്നം റോഡ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് പ്രകാരം 20% വർദ്ധനവ് വരുത്തേണ്ടിയിരുന്നെങ്കിലും വരുത്തിയിട്ടില്ല.

2. ശ്രീ എം.ജെ.തോമസ്, തെക്കേമരുളൂർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 3/181 B എന്ന 53.01ച.മീ.വിസ്തീർണ്ണമുള്ള വാണിജ്യാവശ്യം എന്ന ഗണത്തിൽ ഉൾപ്പെട്ട കെട്ടിടത്തിന് സഞ്ചയ പ്രകാരം 1.5 മീറ്ററിൽ കൂടിയ കാരാട്ടുപടി മരുളൂർ റോഡ് എന്ന രേഖപ്പെടുത്തി ഇളവോ വർദ്ധനവോ വരുത്തിയിട്ടില്ലെന്നു കാണുന്നു. എന്നാൽ പ്ലാൻ പ്രകാരം 5 മീറ്ററിൽ കൂടിയ ചാരാത്തുപടി-മരുളൂർ റോഡ് എന്ന് ആണ് സമീപ റോഡ് എന്ന രേഖപ്പെടുത്തിയിട്ടുള്ളത്. (പ്ലാനിൽ എക്സിറ്റിംഗ് ബിൽഡിംഗ് എന്ന

രേഖപ്പെടുത്തിയ സമീപത്തെ കെട്ടിടമായ 3/181 എന്ന കെട്ടിടത്തിന് 5 മീറ്ററിൽ കൂടുതലുള്ള ചാരാത്തുപടി കുളക്കാട്ടിൽ റോഡ് എന്ന രേഖപ്പടുത്തി 20% വർദ്ധനവ് വരുത്തിയിട്ടുണ്ട്). ചട്ടപ്രകാരമുള്ള 20% വർദ്ധനവ് വസ്തുനികുതിയിൽ വരുത്തിയില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.7/14.12.2022-ന് മറുപടി ലഭ്യമായില്ല. വഴിയുടെ അടിസ്ഥാനത്തിൽ അടിസ്ഥാന നികുതിയിൽ ബാധകമാക്കേണ്ട ഇളവുകളും വർദ്ധനവുകളും പരിശോധിക്കേണ്ടതും നികുതി പുനർനിർണയിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-15 തെറ്റായ ഉപയോഗക്രമം രേഖപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണയിച്ചു

ശ്രീ കെ.ഒ.വർക്കി, കുന്നത്തേട്ട് എന്ന വ്യക്തിയുടെ പേരിലുള്ള 7/490 A എന്ന കെട്ടിട നമ്പർ നൽകിയ ബഹുനില വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ താഴത്തെ നിലയുടെ വസ്തുനികുതി 2021-22 ൽ നിർണയിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന് 285.84 ച.മീ. വിസ്തീർണ്ണമാണുള്ളത്. എന്നാൽ സഞ്ചയ പ്രകാരം ഈ കെട്ടിടം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന രേഖപ്പെടുത്തി ച.മീറ്ററിന് 30 രൂപ നിരക്കിലാണ് നികുതി നിർണയിച്ചിട്ടുള്ളത്. എന്നാൽ പ്ലാൻ പ്രകാരം ഇത് വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന ഗണത്തിലുള്ളതാണെന്ന് കാണുന്നു. സഞ്ചയയിൽ കെട്ടിടത്തിന്റെ ഉപയോഗക്രമത്തിന്റെ വിവരണം സൂപ്പർമാർക്കറ്റ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടനം,ഉടമ | കെട്ടിടത്തിന്റെ വിസ്തീർണ്ണം(ച.മീ.) | നിലവിലെ വസ്തുനികുതി(ഇളവും വർദ്ധനവും ഉൾപ്പെടെ) | ഈടാക്കേണ്ട വസ്തുനികുതി(ഇളവും വർദ്ധനവും ഉൾപ്പെടെ) |
|---|---|---|---|
| 7/490 A | 285.84 | 285.84X30=8575.2<br>1715.04(വഴി-20%)<br>1286.28(തറ നിർമിതി-15%)<br>ആകെ-11577 | 285.84X70=20008.8<br>4001.76(വഴി-20%)<br>3001.32(തറ നിർമിതി-15%)<br>ആകെ-27011.88 |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.8/14.12.2022ന് മറുപടി ലഭ്യമായില്ല. തെറ്റായ ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണയിച്ചത് പരിശോധിക്കേണ്ടതും നികുതി പുനർനിർണയിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-16 ഹരിത സമൃദ്ധി വനിതാ സംഘങ്ങളിലൂടെ - പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം | 185/22, ഹരിത സമൃദ്ധി വനിത സംഘങ്ങളിലൂടെ |
| ചെലവ് | 1,00,105 (വികസന ഫണ്ട് (പൊതു വിഭാഗം))<br>ബിൽ നം . 4/05.11.21 |
| നിർവ്വഹണം | കൃഷി ഓഫീസർ |

കുടുംബശ്രീ വനിതകൾക്ക് ആഴ്ച ചന്ത നടത്തി ഹരിത സമൃദ്ധി കൈവരിക്കുവാൻ ലക്ഷ്യമിട്ട

പ്രോജക്ടാണിത്. ആഴ്ച ചന്ത നടത്തുന്നതിനുള്ള ഫർണ്ണിച്ചറും അനുബന്ധ സാധനങ്ങളും ഉൾപ്പെട്ട ഇരുപത് ഇനങ്ങൾ വാങ്ങുവാനായി കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസ് കൊച്ചിയ്ക്ക് പ്രോഫോർമ ഇൻവോയ്സ് നം. 87/20.03.21 പ്രകാരം 1,00,105 രൂപ കൈമാറുകയും ആയവ കൃഷി ഓഫീസിൽ ലഭ്യമാക്കുകയും ചെയ്തു. എന്നാൽ സ്ഥലപരിമിതി മൂലം ആഴ്ച ചന്ത നടത്താൻ സാധിക്കുന്നില്ല. സാധനങ്ങൾ സൂക്ഷിക്കുന്നതിനും ആവശ്യമായ സ്ഥലം ലഭ്യമാകാത്തതിനാൽ പ്രോജക്ടിന്റെ ഭാഗമായി വാങ്ങിയ അലമാര, മേശ തുടങ്ങിയവ കൃഷി ഓഫീസിൽത്തന്നെയാണ് സൂക്ഷിച്ചു വരുന്നത്. ഉപകരണങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനും ആഴ്ച ചന്ത നടത്തുന്നതിനും നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. പ്രോജക്ട് ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ ചെലവഴിച്ച 1,00,105/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൂടാതെ KSIE യിൽ നിന്നുമുള്ള ഒറിജിനൽ ഇൻവോയ്സ് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 1-17 തനതു ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടിയിരുന്ന തുക വികസനഫണ്ടിൽ നിന്നും ചെലവഴിച്ചു.

പ്രോജക്ട് നം.- 164 /2021-22 (കക്കൂസ് മെയിന്റനൻസ്)

| ഫണ്ടിനം | അടങ്കൽ | ചെലവ് പത്രിക പ്രകാരം ചെലവഴിച്ച തുക | യഥാർത്ഥമായി ചെലവഴിച്ച തുക |
|---|---|---|---|
| വികസനഫണ്ട് | 0 | 0 | 4240 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 424000 | 424000 | 424000 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 700000 | 695000 | 695000 |
| തനത് ഫണ്ട് | 169600 | 165360 | 165360 |
| ആകെ | 1293600 | 1284360 | 1293600 |

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 140 ഗുണഭോക്താക്കൾക്ക് കക്കൂസ് മെയിന്റനൻസിനായി 9240 രൂപ വീതം ആകെ 1293600 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ബാബു.പി.എം, പൈങ്ങോട്ടുമറ്റത്തിൽ, അമയന്നൂർ എന്ന ഗുണഭോക്താവിന് നൽകിയ 4240 രൂപ വികസനഫണ്ടിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്. ടി തുക വകയിരുത്തിയത് തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനാണെങ്കിലും ബിൽ നം. (4)-164/2021-22- തീയതി 18.09.21 പ്രകാരം വികസനഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചത്. വികസനഫണ്ട് വകയിരുത്താതെ വികസനഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിനാൽ ടി ചെലവ് സുലേഖ ചെലവ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല. ടി തുക തനതു ഫണ്ടിൽ നിന്നും റീക്കൂപ്പ് ചെയ്ത് വികസനഫണ്ടിൽ ഒടുക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-18 ലൈഫ് - ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു

അയർക്കുന്നം ഗ്രാമപഞ്ചായത്തിൽ വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ ഗുണഭോക്താക്കളായവരിൽ ഭവന നിർമ്മാണം നിലവിൽ പൂർത്തീകരിച്ചിട്ടില്ലാത്തവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. 2021-22 സാമ്പത്തിക വർഷത്തിൽ കരാറിലേർപ്പെട്ട ലൈഫ് ഗുണഭോക്താക്കളിൽ താഴെപ്പറയുന്നവർ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും മേൽ | വാർഡ് | നാളിതുവരെ നൽകിയ | അവസാനം ഗഡു |
|---|---|---|---|---|

| | വിലാസവും | | തുക | നൽകിയ തീയതി |
|---|---|---|---|---|
| 1 | ഭവാനി ബാബു വിഷ്ണു നിവാസ് ആറുമാനൂർ | I | 300000 | 24/11/22 |
| 2 | അന്നമ്മ തോമസ് പള്ളിപ്പറമ്പിൽ കൊങ്ങാണ്ടൂർ | V | 300000 | 30/07/22 |
| 3 | രാഹുൽ.കെ.രാജു ചെറുകാട്ടേൽ കല്ലംപള്ളിൽ തിരുവഞ്ചൂർ | XIX | 200000 | 05/02/22 |

2. 2020-21 സാമ്പത്തിക വർഷത്തിൽ കരാറിലേർപ്പെട്ട ലൈഫ് ഗുണഭോക്താക്കളിൽ താഴെപ്പറയുന്നവർ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും മേൽ വിലാസവും | വാർഡ് | നാളിതുവരെ നൽകിയ തുക | നൽകിയ തീയതി |
|---|---|---|---|---|
| 1 | കെ.ജി.ഓമനക്കുട്ടൻ പുലിപ്പുറംകുന്നേൽ | III | 40000 | 19/08/20 |

ടിയാൾ നാളിതുവരെ അഡ്വാൻസ് തുക മാത്രമേ കൈപ്പറ്റിയിട്ടുള്ളൂ.

3. 2019-20 സാമ്പത്തിക വർഷത്തിൽ കരാറിലേർപ്പെട്ട ലൈഫ് ഗുണഭോക്താക്കളിൽ താഴെപ്പറയുന്നവർ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| ക്രമനം | ഗുണഭോക്താവിന്റെ പേരും മേൽ വിലാസവും | വാർഡ് | നാളിതുവരെ നൽകിയ തുക | നൽകിയ തീയതി |
|---|---|---|---|---|
| 1 | ലളിതമ്മ മുരുപ്പേൽ വീട് അമയന്നൂർ | XII | 40000 | 19/08/20 |

ടി ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് വിവരം അറിയിക്കേണ്ടതാണ്. ഭരണ സമിതിയുടെ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

### 1-19 ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ലൈഫ് ഗുണഭോക്താവിന് കക്കൂസ് നിർമ്മാണത്തിന് തുക അനുവദിച്ചു.

പ്രോജക്ട് നം -165 /2021- 22
അടങ്കൽ – 1,08,800/- ധനകാര്യകമ്മീഷൻ അവാർഡ്
ഫണ്ടിനം – 3,84,000/- സംസ്ഥാനാവിഷ്കൃത ഫണ്ട്
ചെലവ് – 1,08,800/-
3,84,000/-

ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെട്ട രാഹുൽ.കെ. രാജു, ചെറുകാട്ടേൽ കല്ലംപള്ളിൽ, തിരുവഞ്ചൂർ എന്ന

ഗുണഭോക്താവിന് 27.03.22 ൽ 15400 രൂപ ടോയ്‌ലറ്റ് നിർമ്മാണത്തിനുള്ള ഇൻസെന്റീവ് നൽകിയതായി കാണുന്നു. രേഖകൾ പ്രകാരം 05.02.2022ൽ ഗുണഭോക്താവ് വീടിന്റെ അടിത്തറ നിർമ്മാണം വരെ മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. 13-ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ഭവനനിർമ്മാണം പൂർത്തിയാക്കിയവർക്കാണ് ഇൻസെന്റീവിന് അർഹത. ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനു മുൻപായി ഇൻസെന്റീവ് നല്കിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വറിയ്ക്ക് (നം.22/15.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭവനനിർമ്മാണം പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

1-20 ഹരിതകർമ്മ സേന പ്രവർത്തനങ്ങൾ - ലക്ഷ്യം കൈവരിക്കുന്നില്ല.

സംസ്ഥാനത്തിന്റെ രൂക്ഷമായ മാലിന്യ പ്രശ്നത്തിന് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിന് ഹരിതകേരള മിഷൻ, കുടുംബശ്രീ, ക്ലീൻ കേരള എന്നിവ സംയോജിച്ച് നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമാണ് ഹരിതകർമ്മസേന. മാലിന്യത്തെ വരുമാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഹരിത കർമ്മസേന രൂപീകരിക്കപ്പെട്ടിട്ടുള്ളത്. 15.07.2017 ലെ 2420/2017ത സ്വ ഭ വ ഉത്തരവിലെ മാർഗ്ഗരേഖ പ്രകാരം മാലിന്യ നിർമാർജ്ജനത്തോടൊപ്പം സംരംഭകത്വശേഷി വികസനവും പ്രാപ്തമാക്കുക എന്ന ഉദ്ദേശത്തോടെയാണ് ഹരിതകർമ്മസേന വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ ടി മാർഗ്ഗരേഖ പ്രകാരം ഹരിതകർമ്മസേനയ്ക്ക് വാർഡുകളിൽ നിന്നും മാലിന്യ ശേഖരണത്തിനായി യൂസർ ഫീസ്, അജൈവ മാലിന്യം ക്ലീൻ കേരള കമ്പനിക്ക് നൽകുന്നതിലൂടെയുള്ള വരുമാനം, ആഘോഷങ്ങളും ഉത്സവങ്ങളും മറ്റ് പരിപാടികളും ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം ഏറ്റെടുത്ത് നടപ്പാക്കുന്നതിലൂടെയുള്ള വരുമാനം, ഹരിത ഉപകരണങ്ങളുടെ വിൽപ്പനയും സർവ്വീസും, പൊതു മാലിന്യ സംവിധാനങ്ങളുടെ നടത്തിപ്പ്, കാർഷിക സേനയായി പ്രവർത്തിക്കുന്നതിൽ നിന്നുള്ള വരുമാനം എന്നിങ്ങനെ വിവിധങ്ങളായ വരുമാന സ്രോതസ്സുകൾ വിഭാവനം ചെയ്തിട്ടുണ്ട്.
അയർക്കുന്നം ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയ്ക്ക് നിലവിൽ 30 അംഗങ്ങളാണുള്ളത്. വീടുകളിൽ നിന്നും 50 രൂപ വീതവും സ്ഥാപനങ്ങളിൽ നിന്നും 100 രൂപ വീതവുമാണ് യൂസർ ഫീ ഈടാക്കുന്നത്. നിലവിൽ പിരിച്ചെടുക്കുന്ന തുകയിൽ 10% കോർപ്പസ് ഫണ്ട് ആയി കോൺസോർഷ്യം അക്കൗണ്ടിൽ നിക്ഷേപിക്കുന്നുണ്ട്. ബാക്കി തുക ഹരിതകർമസേന അംഗങ്ങൾക്ക് വീതിച്ചു നൽകുകയാണ് ചെയ്യുന്നത്. ഹരിതകർമ്മസേന സ്റ്റോക്ക് രജിസ്റ്ററുകളും മിനുട്സ് ബുക്കും പരിശോധിച്ചതിൽ കണ്ടെത്തിയ ചില അപാകതകൾ ചുവടെ ചേർക്കുന്നു.

1. കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഓരോ രസീത് ബുക്കിലെയും കളക്ഷൻ തുക പ്രത്യേകം കളക്ഷൻ രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നില്ല. ഉപയോഗിച്ച് തീർന്ന രസീത് ബുക്കുകളിലെ കളക്ഷൻ തുക പൂർണ്ണമായി രേഖപ്പെടുത്താത്തതിനാൽ തുക പൂർണ്ണമായും അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. അതിനാൽ യൂസർ ഫീ പിരിക്കുന്നതിലെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല.

2. രസീത് ഉപയോഗം കൃത്യമല്ല.

രസീതു ബുക്കിൽ ഉപയോഗിക്കാതെയും ക്യാൻസൽ ചെയ്യാതെയും രസീതുകൾ അവശേഷിക്കുന്നു.
വാർഡ് 3 ലേക്ക് നൽകിയ രസീത് ബുക്ക് നം 13335 ൽ 3 മുതൽ 21 വരെയുള്ള രസീതുകളും 39 മുതൽ 56 വരെയുള്ള രസീതുകളും ഉപയോഗിച്ചിട്ടില്ല.

3. കർമ്മസേനയുടെ മീറ്റിംഗ് മിനിട്സ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

ഹരിതകർമ്മസേനയ്ക്ക് എം.സി.എഫ് ഇല്ലാത്തതിനാലും സേനാംഗങ്ങളുടെ പരിശീലനക്കുറവും പഞ്ചായത്തിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ടെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ അറിയിച്ചത്.

യൂസർ ഫീ കളക്ഷൻ രജിസ്റ്ററുകളിൽ ഓരോ ദിവസവും ഉപയോഗിച്ച രസീത് ബുക്കുകളുടെ നമ്പരും ഉപയോഗിച്ച വ്യക്തിയുടെ പേരും കളക്ഷൻ തുകയും പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. ഉപയോഗിച്ച

രസീതു ബുക്കുകൾ തിരികെ വാങ്ങി എല്ലാ രസീതുകളും ഉപയോഗിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും ഉപയോഗിക്കാത്ത രസീതുകൾ ഉപയോഗിക്കുകയും ഉപയോഗിക്കാൻ സാധ്യമാകാത്തവ ക്യാൻസൽ ചെയ്ത് കൗണ്ടർ ഫോയിൽ ഉൾപ്പെടെ സൂക്ഷിക്കേണ്ടതുമാണ്.

കൂടാതെ സേനയുടെ ശുചിത്വപ്രവർത്തനങ്ങളും നിർദ്ദേശങ്ങളും ഗ്രാമസഭകളിൽ ചർച്ച ചെയ്യുകയും അഭിപ്രായങ്ങൾ സ്വരൂപിക്കുകയും മാലിന്യ സംസ്കരണ പദ്ധതിയിൽ പങ്കാളികളാകുന്നതിന്റെ ആവശ്യകതയെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യുക, ഹരിത കർമ്മസേന, ഹരിത കൺസോർഷ്യം എന്നിവയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി യഥാസമയം മോണിട്ടർ ചെയ്യുക, ഹരിത സംരംഭകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി അവരുടെ പ്രവർത്തനങ്ങളിൽ നിന്നുമുള്ള വരുമാനം കൂടി ലഭ്യമാക്കാൻ സംരംഭകരെ പ്രാപ്തമാക്കുക എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്. അപാകതകൾ പരിഹരിച്ച് സർക്കാർ മാർഗ്ഗ നിർദ്ദേശത്തിനനുസൃതമായി പദ്ധതി ലക്ഷ്യം കൈവരിക്കാൻ ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥരും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 ക്ലീൻ കോട്ടയം ഗ്രീൻ കോട്ടയം പദ്ധതി നടപ്പിലാക്കിയെങ്കിലും ഗുണഭോക്തൃ വിഹിതം തനതു ഫണ്ടിൽ അവശേഷിക്കുന്നു.

| ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് | 858992 | 843000 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 374246 | 262000 |
| ഗുണഭോക്തൃ വിഹിതം | 161582 | - |

അയർക്കുന്നം ഗ്രാമപഞ്ചായത്തിലെ 1702 ഗുണഭോക്താക്കൾക്ക് കിച്ചൺ ബിന്നിനും 510 പേർക്ക് ബയോ കമ്പോസ്റ്റർ നൽകുന്നതിനുമായി വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പ്രോജക്ട് (നം.127/2020-21) തൻവർഷവും സ്പിൽ ഓവറായി (പ്രോജക്ട് നം. SO180/2021-22) നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ ചില അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തെങ്കിലും ചെലവഴിച്ചില്ല

2020-21 സാമ്പത്തിക വർഷത്തിലെ പ്രോജക്ട് നം.- 127/2020-21, 2021-22 സാമ്പത്തിക വർഷത്തിലെ സ്പിൽ ഓവർ പ്രോജക്ട് നം.- SO180/2021-22 എന്നീ പ്രോജക്ടുകൾ പ്രകാരം നാളിതുവരെ 1326000 രൂപ ചെലവഴിച്ച് IRTC എന്ന അക്രെഡിറ്റഡ് ഏജൻസിയിൽ നിന്നും 600 കിച്ചൺ ബിന്നുകളും 600 ബയോ കമ്പോസ്റ്ററുകളും വാങ്ങിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്ത തുക 114393 പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു.

2. ഗുണഭോക്തൃ വിഹിതം പൂർണ്ണമായും പിരിച്ചെടുത്തില്ല.

മേൽ പ്രോജക്ടുകൾ പ്രകാരം കിച്ചൺ ബിന്നിന് 41 രൂപയും ബയോ കമ്പോസ്റ്ററുകൾക്ക് 180 രൂപയും എന്ന നിരക്കിലാണ് ഗുണഭോക്തൃവിഹിതം ഈടാക്കിയിരുന്നത്. 600 കിച്ചൺ ബിന്നുകൾക്ക് 24600 രൂപയും 600 ബയോ കമ്പോസ്റ്ററുകൾക്ക് 108000 രൂപയും ഉൾപ്പെടെ 132600 രൂപ ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുക്കേണ്ടതായിരുന്നെങ്കിലും 114393 രൂപ മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്.

3. ബയോകമ്പോസ്റ്ററുകൾ പൂർണ്ണമായും വിതരണം ചെയ്തില്ല.

IRTC യിൽ നിന്നും ലഭ്യമാക്കിയ 20 ബയോ കമ്പോസ്റ്ററുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതെ അവശേഷിക്കുന്നു .

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/14.12.22) നിലവിലും ടി

പദ്ധതികൾ സ്പിൽ ഓവർ ആയി തുടരുന്നുണ്ടെന്നും കൂടുതൽ ഗുണഭോക്താക്കൾ പദ്ധതിയുടെ ഭാഗമായിട്ടുണ്ടെന്നും പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഗുണഭോക്തൃ വിഹിതം ചെലവഴിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 20 കമ്പോസ്റ്റർ ബിന്നുകളുടെ അടപ്പുകൾ ലഭ്യമായിട്ടില്ലാത്തതിനാലാണ് വിതരണം ചെയ്യാതെ അവശേഷിക്കുന്നതെന്നും മറുപടി നൽകിയിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം പൂർണ്ണമായി പിരിച്ചെടുത്ത് പദ്ധതി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ഗുണഭോക്തൃ വിഹിതം വകയിരുത്തി നടപ്പാക്കുന്ന പദ്ധതികളിൽ ചെലവു തുകൾക്ക് ആനുപാതികമായി ഗുണഭോക്തൃ വിഹിതവും ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 പഞ്ചായത്ത് വക മാർക്കറ്റ് കംഫർട്ട് സ്റ്റേഷൻ - പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കിയില്ല

| | |
|---|---|
| | 279/22, അയർക്കുന്നം മാർക്കറ്റ് കംഫർട്ട് സ്റ്റേഷൻ പൂർത്തീകരണം |
| ചെലവ് | 177580 (ധനകാര്യ കമ്മീഷൻ അവാർഡ്)) |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

സാനിട്ടറി ഫിറ്റിംഗ്സ്, ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ഉൾപ്പെടെ കെട്ടിട നിർമ്മാണം 03/22 ൽ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ കെട്ടിടത്തിന് വൈദ്യുത കണക്ഷൻ നാളിതുവരെ ലഭിച്ചിട്ടില്ല. 16/12/22 ൽ നടത്തിയ പ്രാദേശിക പരിശോധയിൽ കംഫർട്ട് സ്റ്റേഷൻ പ്രവർത്തിച്ചു തുടങ്ങിയിട്ടില്ലെന്നു കണ്ടു. വൈദ്യുത കണക്ഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (29/16.12.22) മറുപടി ലഭിച്ചില്ല. വൈദ്യുത കണക്ഷൻ ലഭ്യമാക്കി കെട്ടിടം ഉപയോഗിച്ചു തുടങ്ങേണ്ടതാണ്. ലേല നടപടികൾ സ്വീകരിച്ച് കെട്ടിടം ഉപയുക്തമാക്കാനും കംഫർട്ട് സ്റ്റേഷന്റെ തുടർപരിപാലനത്തിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 പൊളിച്ചുമാറ്റിയ സാധനങ്ങൾ ലേലം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം

ചുവടെ ചേർക്കുന്ന പ്രവൃത്തിയുടെ ഭാഗമായി പൊളിച്ചുമാറ്റി സ്റ്റാക്ക് ചെയ്ത സാധനങ്ങൾ ലേല നടപടിയിലൂടെ നീക്കം ചെയ്തിട്ടില്ല.

| പ്രോജക്ട് | ഇനം | അളവ് | സർവ്വേ റിപ്പോർട്ട് പ്രകാരം തുക |
|---|---|---|---|
| 59/22 , പഞ്ചായത്ത് ഓഫീസ് ടോയ്ലറ്റ് അറ്റകുറ്റപ്പണികൾ | Dismantling Roofing Including Ridges , Hips And Gutters And Stalking The Material Within 50 Metres Lead Of Asbestos | 118 M2 | 11092 |

| | | | |
|---|---|---|---|
| | Sheet | | |

വാല്യുവേഷൻ തുകയിലും വളരെ കുറഞ്ഞ നിരക്കാണ് ലേലത്തുകയെന്നുള്ളതിനാലാണ് ലേലം നടക്കാത്തത് എന്ന് 16/12/22 ലെ എക്സിറ്റ് മീറ്റിംഗിൽ ഭരണസമിതി അറിയിച്ചു. പുനർലേലത്തിന് ശേഷവും ലേലം നടത്താൻ കഴിയുന്നില്ലെങ്കിൽ ഭരണസമിതി തീരുമാനപ്രകാരം ക്വട്ടേഷൻ ക്ഷണിച്ച് ഉപയോഗശൂന്യമായ വസ്തുക്കൾ നീക്കം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 പഞ്ചായത്ത് ഓഫീസിലേയ്ക്ക് ലാപ്പ്ടോപ്പ് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - 21207 /- രൂപയുടെ ഉപകരണങ്ങൾ ലഭിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/ പേര് | SO212/22, പഞ്ചായത്ത് ഓഫീസിലേയ്ക്ക് ലാപ്പ്ടോപ്പ് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| ചെലവഴിച്ച തുക , ഫണ്ടിനം | 318866/- , തനത് ഫണ്ട് |
| ബിൽ / ചെക്ക് നം ./ തീയതി | 5118295/17.11.2021 , Rs. 318866/- |

ടി പദ്ധതി പ്രകാരം ഗ്രാമ`പഞ്ചായത്ത് ഓഫീസിലേയ്ക്ക് താഴെ ചേർക്കുന്ന ഉപകരണങ്ങൾ CPRCS പോർട്ടൽ മുഖേന വാങ്ങുന്നതിനായി കെൽട്രോൺ -ന് തുക നല്കിയിരുന്നു.എന്നാൽ ലഭ്യമാക്കിയ ഫയൽ പ്രകാരം ക്രമ നമ്പർ 1, 2, 4 എന്നീ ഉപകരണങ്ങൾ മാത്രമാണ് ലഭ്യമായതെന്ന് കാണുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | Desktop- Medium Spn. -Windows 10 | 6 | 238782 | ലഭിച്ചു |
| 2 | A4 Monochrome Laser Printer | 3 | 38859 | ലഭിച്ചു |
| 3 | A4 FlatBed Scanner | 3 | 21207 | ലഭിച്ചിട്ടില്ല |
| 4 | A4 Multi Function Printer | 1 | 20018 | ലഭിച്ചു |

ബാക്കി ഉപകരണങ്ങൾ ലഭ്യമായതിന്റെ വിവരം/തുക തിരികെ ലഭിച്ചതിന്റെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം.16/15.12.22) മറുപടിയിൽ തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക തിരികെ ലഭിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ 21,207/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 മരാമത്ത് പ്രവൃത്തികൾ -പത്രപ്പരസ്യം നൽകുന്നതിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | SO1/22, പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിങ്ങ് |
| ചെലവഴിച്ച തുക, | 13480/- , തനത് ഫണ്ട് |

| | |
|---|---|
| ഫണ്ടിനം | |
| ബിൽ/ ചെക്ക് നം./ തീയതി | 109497/06.10.21 (22100646/6.10.21) |

ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവൃത്തികളുടെ ടെൻഡർ പരസ്യം , ഇ ടെൻഡർ പരസ്യം എന്നിവ 06/08/2021 തീയതിയിൽ മംഗളം ദിനപ്പത്രത്തിൽ പ്രസിദ്ധീകരിച്ച ഇനത്തിൽ മംഗളം പബ്ലിക്കേഷൻ ലിമിറ്റഡ് -ന് 13,480/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ സാധാരണ ടെൻഡർ, ഇ ടെൻഡർ എന്നിവ സംബന്ധിച്ച പരസ്യങ്ങൾ ഒരേ ദിവസം തന്നെ രണ്ടു പരസ്യമായി നൽകിയ ഇനത്തിൽ 6740/- രൂപ വീതം ആകെ 13480/- രൂപ നൽകി. ടി പരസ്യങ്ങൾ ഒറ്റ പരസ്യമായി നല്കാത്തതിനാലും, വിൻഡോ പരസ്യമായി നൽകുന്നതിന് പകരം 8 കോളം X 8 സെ.മി. ബോക്സിൽ നല്കിയതിനാലും പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ് വരുന്നതായി കാണുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതും, പത്രപ്പരസ്യങ്ങൾ നൽകുമ്പോൾ വിൻഡോ പരസ്യങ്ങൾ തന്നെ നല്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് .

## 1-26 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്റ്റ് നമ്പർ / പേര് | SO21/22, കന്നുകുട്ടി പരിപാലന പദ്ധതി |
| ചെലവഴിച്ച തുക , ഫണ്ടിനം | 1250000/- , വികസന ഫണ്ട് |
| ബിൽ / ചെക്ക് നം ./ തീയതി | 2/20.12.2021 |

പദ്ധതി പ്രകാരം 12,50,000/- രൂപ അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയം -ന്റെ പേർക്ക് കൈ മാറി നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ നിലവിലെ സ്ഥിതി, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം.12/15.12.2022) മറുപടിയിൽ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. പദ്ധതി പൂർത്തിയാക്കിയ ശേഷം വിനിയോഗ വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-27 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

താഴെ ചേർക്കുന്ന വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി കെ എസ് ഇ ബി, ഭൂജല വകുപ്പ്, ജില്ലാ പഞ്ചായത്ത്, ജില്ലാ ആസൂത്രണ സമിതി എന്നിവയ്ക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ ടി പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ/ഫൈനൽ ബിൽ/വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പദ്ധതി | തുക കൈമാറിയ സ്ഥാപനം | തുക | ബിൽ/ വൗച്ചർ നമ്പർ /തീയതി |
|---|---|---|---|---|
| 1 | SO 211/22- തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ | AE, KSEB , കുരോപ്പട സെക്ഷൻ | 31270/- | 22101381/24.02..22 |

| | | | | |
|---|---|---|---|---|
| 2 | SO 209/22-മണിയാർ കുടിവെള്ള പദ്ധതി - എസ്റ്റിമേറ്റ് പ്രകാരമുള്ള ബാക്കി തുക അടവാക്കൽ | ഭൂജല വകുപ്പ് , കോട്ടയം | 44456/- | 22100879/19.11.21 |
| 3 | വാർഡ് 4 -സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ ,പോസ്റ്റ് ഷിഫ്റ്റിംഗ് (നെടുംകരി ഭാഗം) | AE, KSEB , സെക്ഷൻ ,അയർക്കുന്നം | 13000/- | 22100249/30.06.21 |
| 4 | SO119/22-ക്യാൻ കോട്ടയം -ഫിറ്റ് കോട്ടയം | ജില്ലാ പഞ്ചായത്ത് കോട്ടയം | 100000/- | 22100425/09.08.21 |
| 5 | SO 121/22 - ജില്ലാ ആസൂത്രണ സമിതി -സെക്രട്ടറിയേറ്റ് മന്ദിരം - നിർമ്മാണം - ഗ്രാമ പഞ്ചായത്ത് വിഹിതം - നൽകൽ | കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസ് | 300000/- | 22100825/11.11.2021 |
| ആകെ | | | 788726 | |

ഈ സാഹചര്യത്തിൽ വിനിയോഗ സാക്ഷ്യപത്രം, ഫൈനൽ ബിൽ എന്നിവ ലഭ്യമാക്കുന്നതുവരെ 788726/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-28 വാഹനങ്ങളുടെ ഇന്ധന ക്ഷമതാ പരിശോധന നടത്തുന്നില്ല

മോട്ടോർ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച ഗവ.സർക്കുലർ നം. 41/ 2008/ഫിൻ തി. 02.08.2008 പ്രകാരം വാഹനങ്ങളുടെ ഇന്ധനക്ഷമതാ ടെസ്റ്റ് എല്ലാ വർഷവും മോട്ടോർ വാഹന വകുപ്പിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ മുഖേന നടത്തി ലോഗ് ബുക്കിൽ പതിപ്പിക്കേണ്ടതും, തൻമാസത്തെ ഇന്ധന ഉപയോഗം സംബന്ധിച്ചും യാത്ര ചെയ്ത ദൂരം സംബന്ധിച്ചും സംക്ഷിപ്തം മാസാവസാന ദിനം ലോഗ് ബുക്കിൽ രേഖപ്പെടുത്തി കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ ബൊലേറോ ജീപ്പ്, ആംബുലൻസ് എന്നീ വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ 2021-2022 കാലയളവിൽ ഇന്ധനക്ഷമതാ ടെസ്റ്റ് നടത്തിയതായി കാണുന്നില്ല. വാഹനത്തിന്റെ മൈലേജ് എത്രയെന്ന് തിട്ടപ്പെടുത്താതെയാണ് വാഹനം ഉപയോഗിച്ച് വരുന്നത്. ഓരോ യാത്രയുടെ വിവരങ്ങൾ

ലോഗ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതും, വാഹനത്തിൽ ഇന്ധനം നിറയ്ക്കുന്നതിന്റെ വിവരം രേഖപ്പെടുത്തേണ്ടതും മാസാന്ത്യത്തിൽ വാഹനം ഉപയോഗം സംബന്ധിച്ച സംക്ഷിപ്തം രേഖപ്പെടുത്തി കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം.14/15.12.2022) മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വാഹനങ്ങളുടെ ഇന്ധനക്ഷമതാ ടെസ്റ്റ് നടത്തി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് .

### 1-29 പൊതുടാപ്പുകൾ- ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല

കേരള വാട്ടർ അതോറിറ്റിയുടെ പ്രതിമാസ ബിൽ പ്രകാരം ഗ്രാമ പഞ്ചായത്തിൽ നിലവിൽ 177 പൊതുടാപ്പുകൾ ഉള്ളതായും ഈ ഇനത്തിൽ പ്രതിവർഷം 10 ലക്ഷത്തോളം രൂപ വെള്ളക്കരം ഇനത്തിൽ ഒടുക്കി വരുന്നതായും കാണുന്നു. പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഡിമാൻഡ് ചെയ്യുന്നുണ്ടോ എന്ന് വ്യക്തമല്ല. 23.06.2006 ലെ സർക്കാർ ഉത്തരവ് (സാധാ)1501/2006/തസ്വഭവ, 28.09.2011ലെ സർക്കാർ ഉത്തരവ് (സാധാ) 2242/തസ്വഭവ എന്നിവ പ്രകാരം വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കുന്ന പൊതുടാപ്പുകൾക്ക് മാത്രം വെള്ളക്കരം ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. സ.ഉ.(സാധാ) നം. 6105/2019/ധന തീ. 01.08.2019, സ.ഉ.(സാധാ) നം. 10050/2019/ധന.തീ.21.12.2019 എന്നീ ഉത്തരവുകളിലും സംയുക്ത പരിശോധന നടത്തണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. പ്രവർത്തിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കുന്നതിനായി ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 15/15.12.2022ന് ലഭ്യമാക്കിയ മറുപടിയിൽ സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

പൊതുടാപ്പുകൾ ഒഴിവാക്കുന്നതിനായി ഗാർഹിക കുടിവെള്ള കണക്ഷനുകൾക്ക് സബ്സിഡി നൽകുന്നതിനുള്ള പദ്ധതികൾ ഓഡിറ്റ് വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം ഗാർഹിക കണക്ഷനുകൾ നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുടാപ്പുകൾ ഒഴിവാക്കുന്നതിനും, സംയുക്ത പരിശോധന നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

### 1-30 മാലിന്യ സംസ്കരണത്തിന് സ്ഥലം വാങ്ങൽ - പദ്ധതി നടപ്പായില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ / പേര് | S0175/ 22, മാലിന്യ സംസ്കരണത്തിന് സ്ഥലം വാങ്ങൽ |
| അടങ്കൽ , ഫണ്ടിനം | 1640000/- , ധനകാര്യകമ്മീഷൻ അവാർഡ് |

ഗ്രാമ പഞ്ചായത്തിലെ മാലിന്യങ്ങൾ സംസ്കരിക്കുന്നന്നതിനും തരംതിരിക്കുന്നതിനുമായി എം സി എഫ് സ്ഥാപിക്കുന്നതിനായി സ്ഥലം വാങ്ങുന്നതിനായി പദ്ധതി തയ്യാറാക്കിയിരുന്നുവെങ്കിലും തുക ചെലവഴിച്ചതായി കാണുന്നില്ല. നിലവിൽ പല മിനി എം സി എഫ് കളിലും മാലിന്യം നിറഞ്ഞുകിടക്കുന്നതായി പരാതികൾ ലഭിക്കുന്നതായി കാണുന്നു., പദ്ധതി നടപ്പാക്കാത്തതിന്റെ കാരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.24/15.12.2022ന് ലഭ്യമാക്കിയ മറുപടിയിൽ പ്രാദേശിക പ്രശ്നങ്ങൾ മൂലം അനുയോജ്യമായ സ്ഥലം ലഭ്യമാകാത്തതിനാലാണ് പദ്ധതി നടപ്പാക്കാനാവാതെ വന്നതെന്നും, നിലവിൽ സ്ഥലം വാങ്ങുന്നതിനുള്ള വാലുവേഷൻ നടപടികൾ

പൂർത്തിയായി വരുന്നതായും അറിയിച്ചു.

നിലവിൽ സ്വകാര്യ സ്ഥലത്തും, പഞ്ചായത്ത് ഓഫീസിന് സമീപമുള്ള സ്ഥലത്തുമാണ് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ചു വെച്ചിരിക്കുന്നത്. എം സി എഫിന് സ്ഥലം ലഭ്യമാകാത്തതിനാൽ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളും പൂർണ്ണമായ രീതിയിൽ നടത്തുവാൻ സാധിക്കുന്നില്ല. മൈത്രാൻചേരിയിലുള്ള പഞ്ചായത്ത് സ്ഥലത്ത് പള്ളം ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച് നൽകിയ പ്ലാസ്റ്റിക് ഷ്രെഡ്ഡിങ്ങ് യൂണിറ്റും പ്രവർത്തനം നടത്തുന്നില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്ത് പ്രദേശത്ത് മാലിന്യങ്ങൾ കുമിഞ്ഞുകൂടുന്നത് ഒഴിവാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി വിഷയത്തിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

## 1-31 പഞ്ചായത്ത് ഓഫീസ് ഭൗതിക സാഹചര്യം വർദ്ധിപ്പിക്കൽ - ഫൈനൽ ബിൽ പരിശോധന സംബന്ധിച്ച്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ/ പേര് | S0197/ 22, |
| ചെലവഴിച്ച തുക , ഫണ്ടിനം | 1439702/- , പഞ്ചായത്ത് ഓഫീസ് -ഭൗതിക സാഹചര്യം വർധിപ്പിക്കൽ |
| ബിൽ / ചെക്ക് നം./ തീയതി | Vr. No. 22100687/18.10.21- Rs. 1071755/-<br>22101079/30.12.21- Rs. 367947/- |

ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി കോട്ടയം നിർമിതി കേന്ദ്രവുമായി കരാറിൽ ഏർപ്പെടുകയും ആയതിന്റെ ഭാഗമായി 40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. നിർമ്മിതി കേന്ദ്രം 28.05.2022 ൽ സമർപ്പിച്ച ഫൈനൽ ബിൽ പ്രകാരം നാളിതുവരെ 3482328/- *രൂപയുടെ പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്. പദ്ധതിക്കായി 2020-2021 വർഷം 1600000/-* രൂപ നൽകിയിട്ടുണ്ട്. തുടർന്ന് 2021-2022 വർഷം 1439702/- രൂപയും സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നിർമ്മിതി കേന്ദ്രത്തിന് തുക അനുവദിക്കുമ്പോൾ സ്ഥാപനം നിർവ്വഹിച്ച പ്രവൃത്തികൾ, സ്ഥാപനം സമർപ്പിച്ച വർക്ക് ബിൽ എന്നിവ ഗ്രാമ പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തെ കൊണ്ട് പരിശോധിച്ച് റിപ്പോർട്ട് വാങ്ങിയതായി കാണുന്നില്ല. ടി പ്രവൃത്തി സംബന്ധിച്ച് എഞ്ചിനീയറിംങ്ങ് വിഭാഗത്തിന്റെ പരിശോധന നടത്തിയതിനുശേഷം മാത്രം തുടർന്നുള്ള തുകകൾ നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-32 അയർക്കുന്നം മാർക്കറ്റിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് - ഒഴിഞ്ഞു കിടക്കുന്ന മുറികൾ ലേലം ചെയ്യാൻ നടപടി സ്വീകരിക്കണം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് നം.236/22 പ്രകാരം 2,35,412 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) 2021-22 ൽ മാർക്കറ്റിൽ സ്ഥിതിചെയ്യുന്ന പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് ഒന്നാം നില അറ്റകുറ്റപ്പണിയ്ക്ക് ചെലവഴിച്ചിട്ടുണ്ട്. ഒന്നാം നിലയിൽ പ്രവർത്തിക്കുന്ന കൃഷി ഓഫീസ് സബ്സെന്റർ മെയിന്റനൻസിനായി 150/22 നമ്പർ പ്രോജക്ടിൽ ഉൾപ്പെടുത്തി തനത്ഫണ്ടിൽ നിന്നും 80296 രൂപയും ചെലവഴിച്ചിട്ടുണ്ട്. സബ്സെന്റർ ആവശ്യമുള്ളപ്പോൾ മാത്രം തുറക്കുന്നു. 16/12/2022 ൽ നടത്തിയ സ്ഥലപരിശോധനയിൽ കൃഷി ഓഫീസ് സബ്സെന്റർ ഒഴികെ മറ്റ് നാലു മുറികൾ നിലവിൽ ഒഴിഞ്ഞു കിടക്കുന്നതായി കണ്ടു. മുറികൾ വാടകയ്ക്ക് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-33 ഇ-ടെണ്ടർ ഫീസ് തനത് ഫണ്ടിൽ ലഭ്യമാക്കേണ്ടതാണ്

ഓഡിറ്റ് വർഷം, അയർക്കുന്നം ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ഇ ടെൻണ്ടർ ചെയ്ത പ്രവർത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ബന്ധപ്പെട്ട അക്കൗണ്ടിലേയ്ക്ക് (A/c No. 37705475369 SBI-അയർക്കുന്നം) ലഭ്യമായെങ്കിലും, പഞ്ചായത്ത് തനത് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. ഫാറം വില പഞ്ചായത്ത് തനത് ഫണ്ടിലേക്കും, ജി.എസ്.റ്റി. അതിന്റെ ശീർഷകത്തിലും ഒടുക്ക് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 മെഡിക്കൽ ഓഫീസർ (ഹോമിയോ ) നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

### 1. മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (ഹോമിയോപ്പതി) നിർവ്വഹണോദ്യോഗസ്ഥനായി ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്നുകൾ വാങ്ങുന്നതിനായി കേരള സംസ്ഥാന ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസിക്ക് (ഹോംകോ), മരുന്ന് വാങ്ങുന്നതിനായി പണം നൽകിയെങ്കിലും മരുന്നുകൾ ലഭ്യമായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | ബിൽ നം. | തുക | അക്കൗണ്ട് നം. | അവശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|---|---|
| 1 | 17/21-22 | 05/21-22 23.03.22 | 50,000 | 34306403911 | 50,000/- |
| | ആകെ | | | | 50,000/- |

50,000/-രൂപയുടെ മരുന്നുകൾ ലഭിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. മരുന്ന് ലഭ്യമായി വിവരം അറിയിക്കുന്നതുവരെ 50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 2. ഹോമിയോ ആശുപത്രിക്ക് ഫർണീച്ചർ വാങ്ങൽ -സ്പെസിഫിക്കേഷനനുസൃതമല്ല

മെഡിക്കൽ ഓഫീസർ (ഹോമിയോപ്പതി) നിർവ്വഹണോദ്യോഗസ്ഥനായി ഹോമിയോ ആശുപത്രിയിലേയ്ക്ക് ഫർണീച്ചർ എന്ന പദ്ധതി പ്രകാരം സിഡ്കോ ലഭ്യമാക്കിയ ഫർണീച്ചറുകൾ പൂർണ്ണമായി ആവശ്യപ്പെട്ട സ്പെസിഫിക്കേഷനനുസൃതമല്ല എന്ന് നിർവ്വഹണോദ്യോഗസ്ഥൻ തന്നെ ഫയലിൽ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | ബിൽ നം | തുക | സ്ഥാപനം | ഉപകരണങ്ങളുടെ വിവരം |
|---|---|---|---|---|---|
| 1 | 18/21-22 | 07/21-22 26.03.22 | 16941/- | സിഡ്കോ ഇൻവോയ്സ് നം . റിഡിപിഎ/21-22/117 /23.3.22 | 1) മരുന്ന് റാക്ക് -1<br>2)ഫുട് സ്റ്റെപ്പ് -1 |
| | ആകെ | | | | 16941/- |

ഈ ഫർണീച്ചറുകൾ മാറ്റി ലഭിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-35 ബാരൽ വില നിശ്ചിത ഫണ്ടിലേയ്ക്ക് തിരികെ അടവാക്കേണ്ടതാണ്

സർക്കുലർ നമ്പർ 59827/എഫ് എം/07 തസ്വഭവ തീ 30-10-2007 പ്രകാരം കരാറുകാരനിൽ നിന്നും ഈടാക്കുന്ന ടാർ വീപ്പയുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ ജി ഒ

(പി)177/06 ഫിൻ തീയതി 12-4-2006 ഉത്തരവ് ഖ 3-10 പാലിച്ച് തിരിച്ചടക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ 2020-21 ൽ നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കിയ ബാരൽ വില സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ടെങ്കിലും ആയത് ബാധ്യത കണക്കിൽ ചേർത്ത് സർക്കുലർ പ്രകാരം തിരിച്ചടച്ചിട്ടില്ല. ഓഡിറ്റ് വർഷം ഇത്തരത്തിൽ ലഭിച്ചിട്ടുള്ള തുക കണക്കാക്കി ബാരൽ വിലയും, ജി എസ് റ്റിയും ബന്ധപ്പെട്ട ശീർഷകങ്ങളിൽ തിരിച്ചടക്കേണ്ടതാണ്.

### 1-36 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ , വിവിധ ഏജൻസികളിൽ അടവാക്കേണ്ട തുകകൾ - അക്കൗണ്ടിൽ അവശേഷിക്കുന്ന തുകകൾ ബന്ധപ്പെട്ട ശീർഷകങ്ങളിൽ അടവാക്കേണ്ടതാണ്

1.ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂൾ പ്രകാരം പഞ്ചായത്തിന് ലഭിച്ച പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളിൽ ചുവടെ ചേർക്കും പ്രകാരം തുക ബാക്കി നിൽക്കുന്നുണ്ട്. നിലവിൽ ബന്ധപ്പെട്ട പ്രോജക്ട് ഉണ്ടെങ്കിൽ ആയതിൽ ഉൾപ്പെടുത്തി തുക ചെലവഴിക്കുവാനോ അല്ലാത്തപക്ഷം ബന്ധപ്പെട്ട ഫണ്ടുകളിലേയ്ക്ക് തിരിച്ചടയ്ക്കുവാനോ നടപടി സ്വീകരിക്കേണ്ടതാണ്.

| ശീർഷകം | തുക |
|---|---|
| 320200301- അമയന്നൂർ ക്ഷേത്രക്കുളം പുനരുദ്ധാരണം | 151318 |
| 320300103- ടോട്ടൽ സാനിട്ടേഷൻ | 447000 |
| 320700204-ബ്ലോക്ക് പഞ്ചായത്ത് | 2013308 |
| 320700205- ജില്ലാ പഞ്ചായത്ത് | 2910443 |
| 320700405- ജില്ലാ പഞ്ചായത്ത് (റവന്യൂ എക്സ്പെൻഡിച്ചർ) | 542000 |

2. B9 ഷെഡ്യൂളിൽ വിവിധ ഏജൻസികൾക്ക് നൽകാനായി അവശേഷിക്കുന്ന ചുവടെ ചേർക്കുന്ന തുകകൾ അടവാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കുവാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/15.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല. തുകകൾ അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

| ശീർഷകം | തുക |
|---|---|
| 350300101- ലൈബ്രറി സെസ്സ് | 223045 |
| 350200201 – ഇൻകം ടാക്സ് ( മരാമത്ത് പ്രവൃത്തികൾ - തനത് ഫണ്ട്) | 24377 |
| 350200203- തൊഴിലാളി ക്ഷേമനിധി (മരാമത്ത് പ്രവൃത്തികൾ - തനത് ഫണ്ട്) | 2330 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2021-22 | 14.12.22 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 700000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ബത്ത (പ്രൊജക്ട് നം 15/22) | 700000 | 0 |
| | 1000000 | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി-എസ് സി പി(86/22) | 1000000 | 0 |
| | 320000 | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി -ജനറൽ (83/22) | 320000 | 0 |
| ആകെ | 2020000 | | 2020000 | 0 |
| ജില്ലാ പഞ്ചായത്ത് | 537500 | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി-എസ് സി പി(86/22) | 537500 | 0 |
| | 740000 | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി -ജനറൽ(83/22) | 740000 | 0 |
| | 500000 | ഭിന്ന ശേഷികരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ബത്ത (പ്രൊജക്ട് നം. 15/22) | 500000 | 0 |
| | 200000 | അമയന്നൂർ എൽ പി എസ് ടോയ്ലറ്റ് നിർമാണം(174/22) | 200000 | 0 |
| | 100000 | ക്ഷീരകർഷകർക്ക് പാലിന് | 100000 | 0 |

| | | | | |
|---|---|---|---|---|
| | | സബ്സിഡി(41/22) | | |
| ആകെ | 2077500 | | 2077500 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | മണിയാർ കുടിവെള്ള പദ്ധതി എസ്റ്റിമേറ്റ് പ്രകാരമുള്ള ബാക്കി തുക അടവാക്കൽ(209/22) | | 44456 | 0 | 44456 |
| | തെരുവുവിളക്ക് മീറ്റർ സ്ഥാപിക്കൽ(211/22) | | 31270 | 0 | 31270 |
| കെഎസ്ഇബി | 4,18 വാർഡുകളിൽ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ (210/22) | | 400000 | 400000 | 0 |
| | വാർഡ് 4 ൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കലും പോസ്റ്റ് ഷിഫ്റ്റിംഗും (120/22) | | 51958 | 51958 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

സാമ്പത്തിക വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ /വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | 01.04.2021-ൽ തിരിച്ചടയ്ക്കാനുള്ള തുക | തൻവർഷം ലഭിച്ച ലോൺ തുക | 2021-22 വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക |
|---|---|---|---|---|---|
| സമ്പൂർണ്ണ ഭവനപദ്ധതി | സ.ഉ.186/ഡിബി1/15 ത.സ്വ.ഭ.വ 18.1.15 | 10,105,000/- | --- | 2500000 | 7605000 |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്) 68/2018, 18.5.2018 | 8255976 | 2460000 | 1804000 | 8911976 |

ലോൺ രജിസ്റ്റർ കൃത്യമായി എഴുതി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ലൈഫ്

ഭവനപദ്ധതിയുടെ രജിസ്റ്റർ ആധികാരികമായി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ മുന്നിരിപ്പ് തുകയുടെയും തൻവർഷം ലഭിച്ച തുകയുടെയും കൃത്യത ബോധ്യപ്പെട്ടിട്ടില്ല. തിരിച്ചടവ് സ്രോതസിൽ നിന്നും കുറവ് ചെയ്ത തുകയാണ് ചേർത്തിട്ടുള്ളത്. വായ്പ രജിസ്റ്ററുകൾ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

നിക്ഷേപ സർട്ടിഫിക്കറ്റ്, സ്ഥിരനിക്ഷേപ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൻ പ്രകാരമുള്ള 2021-22 വർഷത്തെ സ്ഥിരനിക്ഷേപ കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3,000,000/ |
| തൻവർഷം നിക്ഷേപിച്ച തുക(Principal Amount) | 179863/- |
| ആകെ | 3,179863/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| 31/03/2022-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3,179863/- |

സ്ഥിരനിക്ഷേപത്തിന്റെ ബാങ്ക്, FD അക്കൗണ്ട് നമ്പർ, പലിശ നിരക്ക്, കാലാവധി എന്നിവ താഴെ കൊടുക്കുന്നു. കാലാവധി തീരുന്ന സമയത്ത് പലിശ സ്വയം മുതലിൽ ചേർക്കുന്നതിന് Auto Renewal സംവിധാനം ഉപയോഗപ്പെടുത്തിയാണ് സ്ഥിരനിക്ഷേപം നടത്തിയിരിക്കുന്നത്.

| | |
|---|---|
| നിക്ഷേപിച്ച ബാങ്ക് | South Indian Bank |
| ബാങ്ക് ശാഖ (കോഡ്) | അയർക്കുന്നം(0006) |
| എഫ്. ഡി. അക്കൗണ്ട് നം. | 0006101000013249 |
| നിക്ഷേപ തീയതി | 23/04/2021 |
| നിക്ഷേപ കാലയളവ് | 12 മാസം |
| കാലാവധി (Maturity Date) | 23/04/2022 |

വാർഷിക ധനകാര്യ പത്രികയുടെ ബാലൻസ് ഷീറ്റ് പ്രകാരം 31.03.2022-തീയതിയിൽ നീക്കിയിരിപ്പുള്ള തുക 3357628 രൂപയാണ്. ഇൻകം & എക്സ്പെൻഡിച്ചർ പത്രിക I-7 പ്രകാരം സ്ഥിരനിക്ഷേപ പലിശ 357628 രൂപയാണ്. 23.4.21 ൽ ലഭിച്ച പലിശയ്ക്ക് പുറമേ 23.4.22 ൽ ലഭിക്കേണ്ടിയിരുന്ന പലിശയും തൻവർഷം നിലവിലെ സ്ഥിരനിക്ഷേപത്തോട് ചേർത്ത് തുക രേഖപ്പെടുത്തിയിട്ടുള്ളതിനാലാണ് വാർഷിക കണക്കുകളിൽ തുക കൂടി നിൽക്കുന്നത്. സ്ഥിര നിക്ഷേപ രജിസ്റ്ററിൽ വിശദാംശങ്ങൾ കൃത്യമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 4-7 ഓഡിറ്റ് റിക്കവറി

2021-22 വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ തുകകളൊന്നും ലഭിച്ചിട്ടില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-2 | 2010-11 | 2-14 | ഡെപ്പോസിറ്റ് പ്രവൃത്തി (കേരള വാട്ടർ അതോറിറ്റി) | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| | | 2010-11 | 2-11 | കോട്ടയം ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകൾ 2008-09 വർഷം എടുത്ത വായ്പയിൽ കോട്ടയം ജില്ലാ സഹകരണബാങ്കിന് 3118000 രൂപ അടച്ചു തീർക്കുവാനുണ്ട്. | നിയമസഭാസമിതി (2014-16)യുടെ 52-ാമത് റിപ്പോർട്ട് ഖ.61,62 പ്രകാരം തുടർനടപടി ശിപാർശ. |
| | | 2010-11 | 2-13 | വിവിധ ഗ്രാമ/ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ/ മുനിസിപ്പാലിറ്റികൾ അക്ഷയ കമ്പ്യൂട്ടർ പദ്ധതിയ്ക്കായി ആകെ 39298389രൂപ നിക്ഷേപിച്ചതിൽ 2866640രൂപ മാത്രം വിനിയോഗിച്ചു. | നിയമസഭാസമിതി (2014-16)യുടെ 52-ാമത് റിപ്പോർട്ട് ഖ.66 പ്രകാരം തുടർനടപടി ശിപാർശ. |
| 2014-15 | 2-2,2-3,2-5, 2-6,2-7 | 2016-17 | 1, അനുബന്ധം-3 | വസ്തുനികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല. | |
| 2014-15 | 2-8,2-9 | 2016-17 | 2, അനുബന്ധം-4,5 | തൊഴിൽ നികുതി | |

## 4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : 104752766 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 95861550 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 9,60,038 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വരവ്/ചെലവ് നഷ്ടം പ്രതിപാദിച്ചിട്ടില്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 1,00,105 | ശ്രീ.മനുകൃഷ്ണൻ, കൃഷി ഓഫീസർ |
| 1-24 | 21,207 | ശ്രീ.ഹരീഷ് കുമാർ എൻ., സെക്രട്ടറി |
| 1-27 | 7,88,726 | ശ്രീ.ഹരീഷ് കുമാർ എൻ., സെക്രട്ടറി |
| 1-34(1) | 50,000 | ശ്രീമതി അഞ്ജു പി.ബി., മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ആകെ | 9,60,038 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ടങ്ങൾ പ്രകാരം ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | അവശേഷിക്കുന്ന ഖണ്ഡികകളുടെ |
|---|---|---|

| | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | എണ്ണം |
|---|---|---|
| 1977-78 | എൽ.എഫ്.കെ.പി.4-537/79/ 27.11.1979 | - |
| 1996-97 (ചെലവ്) | എൽ.എഫ്.കെ.പി6-206/98/ 09.09.2000/ 10.11.2000 | - |
| 1998-99(വരവ്) | എൽ.എഫ്.കെ.പി.6-271/00/ 06.10.2000/ 29.12.2001 | - |
| 1999-00(ചെലവ്) | കെ.എസ്.എ.- കെ.ടി.എം.പി12(അദാ- 2022)1478(1)/25.08.2022 | 9 |
| 2000-01 & 2001-02 (പ്ലാൻ) | എൽ.എഫ്.കെ.പി6-1387/07 /17.11.2008 | - |
| 2002-03(ചെലവ്) | എൽ.എഫ്.കെ.പി6-1007/04 /19.04.2008 | - |
| 2002-03(വരവ്) | എൽ.എഫ്.കെ.പി6-845/07 /20.04.09/ 12.06.2009 | - |
| 2004-05 | എൽ.എഫ്.കെ.പി6-682/08 18.04.09/02.07.2009 | - |
| 2005-06 | എൽ.എഫ്.കെ.പി6-683/08 /5.09.08/ 13.10.2008 | - |
| 2006-07 | എൽ.എഫ്.കെ.പി11-994/2011/ 10.10.2011 | - |
| 2007-08 | കെ.എസ്.എ- കെ.ടി.എം.പി12(അദാ- 2022/1478(3)/25.08.2022 | 3 |
| 2008-09 | കെ.എസ്.എ- കെ.ടി.എം.പി12(അദാ-2018)- 51(7)/16.02.2018 | 01 |
| 2010-11 & 2011-12 | കെ.എസ്.എ- കെ.ടി.എം.പി12(അദാ-2022)- 1478(5)/25.08.2022 | 4 |
| 2012-13 | കെ.എസ്.എ- കെ.ടി.എം.പി12(അദാ-2022)- 1478(6)/25.08.2022 | 4 |
| 2013-14 | കെ.എസ്.എ- കെ.ടി.എം.പി12(അദാ-2022)- 1478(7)/25.08.2022 | 6 |
| 2014-15 | കെ.എസ്.എ- കെ.ടി.എം.പി3-175/2018/ 09.04.2018 ശുദ്ധിപത്രം | - |

| | | |
|---|---|---|
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി12-737/2016/ 20.10.2017 | 20 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി12-1727/2017/ 29.12.2017 | 21 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി12-872/2019/ 17.10.2019 | 39 |
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി12-1889/2019/ 29.06.2020 | 41 |
| 2019-20 | കെ.എസ്.എ.-കെ.ടി.എം.പി12-1477/22 /14.09.2022 | 09 |
| 2020-21 | കെ.എസ്.എ.-കെ.ടി.എം.പി12-1476/22 /13.09.2022 | 26 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,

ജില്ലാ ഓഡിറ്റ് കാര്യാലയം -കോട്ടയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്